أهلا رمضان
അഹ്‌ലൻ റമദാൻ

ക്ലാസ്സ് : ഡോ: മുഹമ്മദ് അഷ്റഫ് മൗലവി – മദീന

# أَهْلًا رَمَضَان അഹ്‌ലൻ റമദാൻ

قَالَ تَعَالَى: أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ ﴿ إِنَّ الْمُسْلِمِينَ وَالْمُسْلِمَاتِ وَالْمُؤْمِنِينَ وَالْمُؤْمِنَاتِ وَالْقَانِتِينَ وَالْقَانِتَاتِ وَالصَّادِقِينَ وَالصَّادِقَاتِ وَالصَّابِرِينَ وَالصَّابِرَاتِ وَالْخَاشِعِينَ وَالْخَاشِعَاتِ وَالْمُتَصَدِّقِينَ وَالْمُتَصَدِّقَاتِ وَالصَّائِمِينَ وَالصَّائِمَاتِ وَالْحَافِظِينَ فُرُوجَهُمْ وَالْحَافِظَاتِ وَالذَّاكِرِينَ اللَّهَ كَثِيرًا وَالذَّاكِرَاتِ أَعَدَّ اللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٥﴾ ﴾ الأحزاب: ٣٥

(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷൻമാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷൻമാർ, സ്ത്രീകൾ വിനീതരായ പുരുഷൻമാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ – ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.

മുകളിൽ ഉദ്ധരിച്ച ആയത്തിന്റെ അവതരണ പശ്ചാത്തലം ഇമാം തിർമിദി തന്റെ സുനനിലും, ഇമാം അഹ്മദ് തന്റെ മുസ്നദിലും, ഇമാം നസാഇ തന്റെ അസ്സുനനുൽ കുബ്റയിലും, ഇമാം ത്വബ്റാനി തന്റെ അൽമുഅ്ജമുൽ കബീറിലും ഉമ്മു സലമയുടെ ഹദീസ് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇമം തിർമിദി തന്റെ സുനനിൽ ഉമ്മു ഉമാറത്ത് അൽഅൻസ്വാരിയ്യയുടെ ഹദീസും ഉദ്ധരിക്കുന്നു. രണ്ടും ഒരേ ആശയത്തിലുള്ള ഹദീസ് ആണ്. ഇമാം തിർമിദിയുടെ റിപ്പോർട്ട് ഇങ്ങനെ കാണാം:

عن أم عمارة الأنصارية أنها أتت النبي صلى الله عليه و سلم فقالت ما أرى كل شيء إلا للرجال وما أرى النساء يذكرن بشيء فنزلت هذه الآية ﴿ إن المسلمين والمسلمات والمؤمنين والمؤمنات﴾ الآية - رواه الإمام الترمذي ( قال الشيخ الألباني صحيح الإسناد)

ഉമ്മു ഉമാറത്തുൽ അൻസ്വാരിയ്യ ﷺ നിവേദനം. അവർ നബി ﷺ യുടെ അടുക്കൽ വന്നു പറഞ്ഞു: (വിശുദ്ധ ഖുർആനിൽ അവതരിക്കപ്പെടുന്ന) എല്ലാ കാര്യങ്ങളും പുരുഷൻമാർക്കല്ലാതെ ഞാൻ കാണുന്നില്ല, ഒരു കാര്യം കൊണ്ടും സ്ത്രീകൾ പറയപ്പെടുന്നതും ഞാൻ കാണുന്നില്ല. അപ്പോൾ ഈ ആയത്ത് ഇറങ്ങി: (അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ,……) ◉ ഈ സന്ദർഭത്തിലാണ് ഈ ആയത്ത് ഇറങ്ങിയത്. ഇതിൽ പുരുഷൻമാരേയും, സ്ത്രീകളേയും വെവ്വേറെ പരാമർശിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലയോ സത്യ വിശ്വാസികളേ എന്ന് പറയുന്ന എല്ലാ വിഷയങ്ങളും സ്ത്രീകൾക്കും ബാധകമാണ്. എങ്കിലും അവരുടെ പരാതി പരിഗണിച്ചാണ് ഈ ആയത്തിൽ പുരുഷന്മാരേയും, സ്ത്രീകളേയും വെവ്വേറെ ആയി വിവരിക്കുന്നത്.

**ആയത്തിന്റെ വിവരണം:** ◈ ഇസ്‌ലാമും, ഈമാനും ഒന്നിച്ച് പറയുമ്പോൾ രണ്ടിന്റേയും അർത്ഥം വ്യത്യസ്തമാണ്, എന്നാൽ അവ വേറിട്ട് വരികയാണെങ്കിൽ രണ്ടിന്റേയും അർത്ഥം

ഒന്ന് തന്നെയാണ്. ۞ ഇസ്‌ലാം എന്നാൽ അല്ലാഹുവിന് കീഴൊതുങ്ങുക എന്നാണ് അർത്ഥം. എല്ലാം അല്ലാഹുവിന് സമർപ്പിക്കുന്നവനാണ് യഥാർത്ഥത്തിൽ മുസ്‌ലിം. ഈമാൻ അതിനും മുകളിലെ പദവിയിലാണെന്ന് ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാക്കാം: അല്ലാഹു പറയുന്നു:

قَالَ تَعَالَى: ﴿ قَالَتِ ٱلْأَعْرَابُ ءَامَنَّا ۖ قُل لَّمْ تُؤْمِنُوا۟ وَلَٰكِن قُولُوٓا۟ أَسْلَمْنَا وَلَمَّا يَدْخُلِ ٱلْإِيمَٰنُ فِى قُلُوبِكُمْ ۖ وَإِن تُطِيعُوا۟ ٱللَّهَ وَرَسُولَهُۥ لَا يَلِتْكُم مِّنْ أَعْمَٰلِكُمْ شَيْـًٔا ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٤﴾ ﴾ الحجرات: ١٤

(ഗ്രാമീണ അറബികൾ പറയുന്നു; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ കീഴ്പെട്ടിരിക്കുന്നു. എന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക. വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല. അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുന്ന പക്ഷം നിങ്ങൾക്കു നിങ്ങളുടെ കർമ്മഫലങ്ങളിൽ നിന്ന് യാതൊന്നും അവൻ കുറവ് വരുത്തുകയില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.) ◉ ഈമാൻ ഉള്ളവരായി എന്ന് പറയുന്നതിനേക്കാൾ അവർക്ക് നല്ലത് മുസ്‌ലിംകളായി എന്ന് പറയാലാണെന്ന് അല്ലാഹു ഇവിടെ അറിയിക്കുന്നു. മുസ്‌ലീംകൾ എന്ന് പറയുമ്പോൾ അവരിൽ എല്ലാവരിലും ഈമാൻ പൂർണ്ണമായി ഉണ്ടായിക്കൊള്ളണമെന്നില്ല.

◉ പാപങ്ങൾ ചെയ്യുന്ന വേളയിൽ അത് ചെയ്യുന്നവരിൽ ഈമാൻ ഉണ്ടാവുകയില്ല എന്ന് റസൂൽ ﷺ പറയുന്നു:

عن أَبِي هُرَيْرَةَ رضي الله عنه إِنَّ النَّبِيَّ صلى الله عليه وسلم قَالَ لَا يَزْنِي الزَّانِي حِينَ (لَا يَزْنِي حِينَ) يَزْنِي وَهُوَ مُؤْمِنٌ وَلَا يَشْرَبُ الْخَمْرَ حِينَ يَشْرَبُهَا وَهُوَ مُؤْمِنٌ وَلَا يَسْرِقُ السَّارِقُ حِينَ يَسْرِقُ وَهُوَ مُؤْمِنٌ (أخرجه البخاري، ومسلم)

(അബൂ ഹുറൈറ رضي الله عنه പറഞ്ഞു: നിശ്ചയം നബി ﷺ പറഞ്ഞു: വ്യഭിചരിക്കുന്നവൻ വിശ്വാസിയായിരിക്കെ വ്യഭിചരിക്കുകയില്ല, ഒരാൾ വിശ്വാസിയായിരിക്കെ കള്ള് കുടിക്കുകയില്ല, മോഷ്ടാവ് വിശ്വാസിയായിരിക്കെ മോഷ്ടിക്കുകയില്ല.) ◉ ഒരു മുസ്‌ലിം വ്യഭിചരിച്ചേക്കാം, എന്നാൽ ഒരു മുഅ്മിൻ വ്യഭിചരിക്കുകയില്ല. അപ്പോൾ വിശ്വാസം എന്ന ഗുണത്തിന്റെ പ്രസക്തി ഇതിൽ നിന്നും മനസ്സിലാവുന്നതാണ്. മുസ്‌ലിംകളുടെ കൂട്ടത്തിൽ ഈമാൻ യഥാർത്ഥമായി ഉള്ളവർ കുറവായിരിക്കും. മുസ്‌ലീംകൾ എന്ന് പറയുന്നതിൽ മുഅ്മിനുകൾ ഉൾക്കൊള്ളുന്നു, എന്നാൽ മുഅ്മിനുകൾ എന്നതിൽ എല്ലാ മുസ്‌ലിംകളും ഉൾകൊള്ളുന്നില്ല.

## വിശ്വാസവും റമദാനിലെ നോമ്പും

വിശ്വാസത്തോടെയും, പ്രതിഫലേഛയോടെയും നോമ്പ് അനുഷ്ഠിക്കുന്നവനാണ് മുമ്പ് ചെയ്ത പാപങ്ങൾ ഒക്കെ പൊറുക്കപ്പെടുക എന്ന് റസൂൽ ﷺ പറയുന്നു:

عن أَبِي هريرة رضي الله عنه ، عن النبيِّ صلى الله عليه وسلم ، قَالَ : ( مَنْ صَامَ رَمَضَانَ إيمَاناً وَاحْتِسَاباً ، غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ ) متفقٌ عَلَيْهِ .

അബൂ ഹുറൈറ رضي الله عنه നിവേദനം ചെയ്യുന്നു. നബി ﷺ പറഞ്ഞു: ആരെങ്കിലും ഈമാനോട് കൂടിയും, പ്രതിഫലേഛയോട് കൂടിയും റമദാനിലെ നോമ്പ് അനുഷ്ഠിച്ചാൽ അവൻ മുമ്പ് ചെയ്ത പാപങ്ങൾ പൊറുക്കപ്പെടും. ◉ കർമങ്ങൾ സ്വീകരിക്കപ്പെടാൻ ഈമാൻ അനിവാര്യമാണ്, പ്രതിഫലം കിട്ടണമെന്ന മോഹവും അതോടൊപ്പം ഉണ്ടാവണമെന്ന് റസൂൽ ﷺ ഇവിടെ നമ്മെ അറിയിക്കുന്നു.

## വിശ്വാസവും റമദാനിലെ രാത്രി നമസ്കാരവും

അത് പോലെ തന്നെയാണ് റമദാനിലെ രാത്രി നമസ്കാരത്തിന്റേയും കാര്യം. റസൂൽ ﷺ പറയുന്നു:

عن أَبِي هريرة رضي الله عنه أنَّ رسول الله صلى الله عليه وسلم ، قَالَ : ( مَنْ قَامَ رَمَضَانَ إيماناً وَاحْتِسَاباً

غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ ) متفقٌ عَلَيْهِ

(അബൂ ഹുറൈറ ﷺ നിവേദനം. റസൂൽ ﷺ പറഞ്ഞു: ആരെങ്കിലും റമദാനിൽ ഈമാനോട് കൂടിയും, പ്രതിഫലേഛയോട് കൂടിയും (രാത്രി നമസ്കാരം) നിന്ന് നമസ്കരിച്ചാൽ അവന്റെ മുമ്പ് ചെയ്ത പാപങ്ങൾ പൊറുക്കപ്പെടും.)

## വിശ്വാസവും ലൈലത്തുൽ ഖദ്റും

ഇത് പോലെ ലൈലത്തുൽ ഖദ്റിലും ആരെങ്കിലും നിന്ന് നമസ്കരിച്ചാലും ഈ പ്രതിഫലം ലഭിക്കുമെന്ന് റസൂൽ ﷺ പറയുന്നു:

عن أَبِي هريرة رضي الله عنه ، عن النبيِّ صلى الله عليه وسلم ، قَالَ : ( مَنْ قَامَ لَيْلَةَ القَدْرِ إيمَاناً وَاحْتِسَاباً غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ ) متفقٌ عَلَيْهِ

(അബൂ ഹുറൈറ ﷺ നിവേദനം. നബി ﷺ പറഞ്ഞു: ഖദ്റിന്റെ രാത്രിയിൽ ആരെങ്കിലും ഈമാനോട് കൂടിയും, പ്രതിഫലേച്ഛയോട് കൂടിയും നിന്ന് നമസ്കരിച്ചാൽ അവന്റെ മുമ്പ് ചെയ്ത പാപങ്ങൾ പൊറുക്കപ്പെടും.) ◉ ഇവിടെയെല്ലാം ഈമാനിന്റേയും, പ്രതിഫലേച്ഛയുടേയും പ്രാധാന്യം റസൂൽ ﷺ നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവിൽ പങ്കുകാരെ ഉണ്ടാക്കുന്നവരുടെ കർമങ്ങളൊന്നും അല്ലാഹു സ്വീകരിക്കുകയില്ല എന്ന് കൂടി ഇതിൽ നിന്നും വ്യക്തമാണ്.

## കീഴ്വണക്കത്തോടെ രാപകലുകളിൽ നമസ്കരിക്കുന്നവൻ

۞ കീഴ്വണക്കത്തോടെ അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നവർ വളരെ ഉത്തമരാണ്. അല്ലാഹു പറയുന്നു:

قَالَ تَعَالَىٰ: ﴿ أَمَّنْ هُوَ قَٰنِتٌ ءَانَآءَ ٱلَّيْلِ سَاجِدًا وَقَآئِمًا يَحْذَرُ ٱلْءَاخِرَةَ وَيَرْجُواْ رَحْمَةَ رَبِّهِۦ ۗ قُلْ هَلْ يَسْتَوِى ٱلَّذِينَ يَعْلَمُونَ وَٱلَّذِينَ لَا يَعْلَمُونَ ۗ إِنَّمَا يَتَذَكَّرُ أُوْلُواْ ٱلْأَلْبَٰبِ ﴿٩﴾ ﴾ الزمر: ٩

(അതല്ല, പരലോകത്തെ പറ്റി ജാഗ്രത പുലർത്തുകയും, തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തു കൊണ്ട് സാഷ്ടാംഗം ചെയ്തും, നിന്നു പ്രാർത്ഥിച്ചും രാത്രി സമയങ്ങളിൽ കീഴ്വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?) പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.) ◉ ബുദ്ധിയുള്ളവർ ഉറ്റാലോചിച്ച്കൊണ്ട് അല്ലാഹുവിലേക്ക് ഇബാദത്തുകളുമായി മടങ്ങുന്നവരാണ്.

## സത്യസന്ധത

۞ സത്യസന്ധത വിശ്വാസികളിൽ ഉണ്ടാവേണ്ട പ്രധാനപ്പെട്ട ഒരു ഗുണമാണ്. ആ ഗുണം പലരിലും കാണപ്പെടാത്ത അവസ്ഥയാണ് നാം ഇന്ന് കണ്ട് കൊണ്ടിരിക്കുന്നത്. നമ്മൾ ആത്മ പരിശോധന നടത്തേണ്ട ഒരു വിഷയം കൂടിയാണിത്.
അല്ലാഹു പറയുന്നത് കാണുക:

قَالَ تَعَالَىٰ: ﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَكُونُواْ مَعَ ٱلصَّٰدِقِينَ ﴿١١٩﴾ ﴾ التوبة: ١١٩

(സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക.) റസൂൽ ﷺ പറയുന്നു:

عن ابن مسعود رضي الله عنه ، عن النَّبيّ صلى الله عليه وسلم ، قَالَ : ( إنَّ الصِّدقَ يَهْدِي إِلَى البرِّ ، وإنَّ البر يَهدِي إِلَى الجَنَّةِ ، وإنَّ الرَّجُلَ لَيَصدُقُ حَتَّى يُكْتَبَ عِنْدَ اللهِ صِدِّيقاً . وَإِنَّ الكَذِبَ يَهْدِي إِلَى الفُجُورِ ، وَإِنَّ الفُجُورَ

يَهدِي إِلَى النَّارِ ، وَإِنَّ الرَّجُلَ لَيَكْذِبُ حَتَّى يُكتَبَ عِنْدَ الله كَذَّاباً ) مُتَّفَقٌ عَلَيهِ .

ഇബ്ൻ മസ്ഊദ് ﷺ നിവേദനം. നബി ﷺ പറഞ്ഞു: നിശ്ചയം സത്യസന്ധത പുണ്യത്തിലേക്ക് നയിക്കും, പുണ്യം സ്വർഗത്തിലേക്കും നയിക്കും. നിശ്ചയം ഒരു മനുഷ്യൻ സത്യസന്ധത കാണിക്കുന്നു, അല്ലാഹുവിന്റെ അടുക്കൽ സത്യസന്ധൻ എന്ന് എഴുതപ്പെടുന്നത് വരെ (അഥവാ സത്യസന്ധനായ ആൾ അല്ലാഹുവിന്റെ അടുക്കൽ സത്യസന്ധൻ എന്ന് എഴുതപ്പെടും). നിശ്ചയം കളവ് തെമ്മാടിത്തത്തിലേക്ക് നയിക്കും, തെമ്മാടിത്തരം നരകത്തിലേക്കും നയിക്കും. ഒരു മനുഷ്യൻ കളവ് കാണിക്കുന്നു. അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ കളവ് പറയുന്നവൻ എന്ന് എഴുതപ്പെടുന്നത് വരെ (അഥവാ കള്ളത്തരം കാണിക്കുന്നവർ അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ കളവ് പറയുന്നവൻ എന്ന് എഴുതപ്പെടുന്നു).

## ക്ഷമ കൈക്കൊള്ളൽ

ക്ഷമ കൈക്കൊള്ളാൻ വിശുദ്ധ ഖുർആൻ ആവർത്തിച്ച് ഉണർത്തുന്നുണ്ട്. നോമ്പ് അനുഷ്ഠിക്കാൻ നല്ല ക്ഷമ അനിവാര്യമാണ്. മോശമായ എല്ലാ കാര്യങ്ങളിൽ നിന്നും നോമ്പ്കാരൻ വിട്ട് നിൽക്കേണ്ടതുണ്ട്. റസൂൽ ﷺ പറയുന്നു:

عن أبي هريرة رضي الله عنه ، قَالَ : قَالَ النبيُّ صلى الله عليه وسلم : ( مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالعَمَلَ بِهِ فَلَيْسَ للهِ حَاجَةٌ في أنْ يَدَعَ طَعَامَهُ وَشَرَابَهُ ) رواه البخاري .

(അബൂഹുറൈറ ﷺ നിവേദനം: നബി ﷺ അരുളി: വല്ലവനും കളവ് പറയലും അതു പ്രവർത്തിക്കലും (മോശമായ വാക്കുകളും പ്രവർത്തനങ്ങളും) ഉപേക്ഷിക്കാത്ത പക്ഷം അവൻ തന്റെ ഭക്ഷണവും പാനീയവും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല.)

## റമദാനിൽ മാത്രമല്ല, എല്ലായ്പ്പോഴും തിൻമകളിൽ നിന്ന് വിട്ട് നിൽക്കുക

ഒരു വിശ്വാസി എപ്പോഴും തിൻമകളിൽ നിന്ന് വിട്ട് നിൽക്കണം. കാരണം അല്ലാഹു പറയുന്നു:

قَالَ تَعَالَى: ﴿ وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴾ الإسراء: ٣٦

(നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.) ◉ അതിനാൽ തന്നെ അല്ലാഹുവിനെ നന്നായി സൂക്ഷിച്ച് കൊണ്ടുള്ള ജീവിതം നയിക്കാൻ നാം റമദാനിലും അല്ലാത്തപ്പോഴുമെല്ലാം ശ്രമിക്കണം.

## റമദാനിലൂടെ പാപങ്ങൾ പൊറുക്കപ്പെടണം.

വിശുദ്ധ റമദാൻ പാപങ്ങളിൽ നിന്ന് മുക്തി നേടാനുള്ള അവസരമാണ്. വിശ്വാസികൾ അതിനെ നന്നായി ഉപയോഗപ്പെടുത്തണം. റമദാൻ ആയിട്ടും പാപങ്ങളിൽ നിന്ന് മുക്തി നേടാത്ത ആളുകൾക്ക് നാശമുണ്ടാകട്ടെ എന്ന് ജിബ്രീൽ عليه السلام പ്രാർത്ഥിക്കുകയും റസൂൽ ﷺ ആമീൻ പറയുകയും ചെയ്തതായി ഹദീസിൽ കാണാവുന്നതാണ്. ഹദീസ് കാണുക:

عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ صَعِدَ الْمِنْبَرَ فَقَالَ: (آمِينَ آمِينَ آمِينَ) قِيلَ: يَا رَسُولَ اللَّهِ إِنَّكَ حِينَ صَعِدْتَ الْمِنْبَرَ قُلْتَ: آمِينَ آمِينَ آمِينَ قَالَ: (إِنَّ جِبْرِيلَ أَتَانِي فَقَالَ: مَنْ أَدْرَكَ شَهْرَ رَمَضَانَ وَلَمْ يُغفر لَهُ فَدَخَلَ النَّارَ فَأَبْعَدَهُ اللَّهُ قُلْ: آمِينَ فَقُلْتُ: آمِينَ وَمَنْ أَدْرَكَ أَبَوَيْهِ أَوْ أَحَدَهُمَا فَلَمْ يَبَرَّهُما فَمَاتَ فَدَخَلَ النَّارَ فَأَبْعَدَهُ اللَّهُ قُلْ: آمِينَ فَقُلْتُ: آمِينَ وَمَنْ ذُكِرْتَ عِنْدَهُ فَلَمْ يُصَلِّ عَلَيْكَ فَمَاتَ فَدَخَلَ النَّارَ فأبعده الله قل: آمين فقلت: آمين) - (رواه الطبراني في المعجم الأوسط وقال الألباني حسن صحيح ، وفي المعجم الكبير ، وابن حبان في صحيحه ، وأبو يعلى في مسنده ، والبزار

في مسنده ، والبيهقي في شعب الإيمان ، والبخاري في الأدب المفرد وحديثه حسن صحيح )

(അബൂ ഹുറൈറ ﵁ നിവേദനം. (ഒരിക്കൽ) നബി ﷺ മിമ്പറിൽ കയറി. അപ്പോൾ പറഞ്ഞു: ( ആമീൻ, ആമീൻ, ആമീൻ) ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ താങ്കൾ മിമ്പറിൽ കയറിയപ്പോൾ (ആമീൻ, ആമീൻ, ആമീൻ) എന്ന് പറഞ്ഞല്ലോ? (റസൂൽ ﷺ) പറഞ്ഞു: നിശ്ചയം ജിബ്രീൽ ﵇ എന്റെ അടുത്ത് വന്ന് പറഞ്ഞു: ആർക്കെങ്കിലും റമദാൻ കിട്ടിയിട്ട് അവന്റെ പാപങ്ങൾ പൊറുക്കപ്പെട്ടില്ല എങ്കിൽ അവൻ നരകത്തിൽ കടക്കട്ടെ, അല്ലാഹു അങ്ങനെ അവനെ അകറ്റട്ടെ. താങ്കൾ ആമീൻ എന്ന് പറയുക. ഞാൻ (റസൂൽ ﷺ) പറഞ്ഞു: ആമീൻ. ഒരാൾക്ക് അവന്റെ മാതാപിതാക്കൾ അല്ലെങ്കിൽ അവരിൽ ഒരാൾ ഉണ്ടായിട്ട് അവർക്ക് പുണ്യം ചെയ്യാതെ അവൻ മരിച്ച് നരകത്തിൽ പ്രവേശിച്ച് കഴിഞ്ഞാൽ അല്ലാഹു അവനെ അകറ്റട്ടെ താങ്കൾ ആമീൻ എന്ന് പറയുക: ഞാൻ (റസൂൽ ﷺ) പറഞ്ഞു: ആമീൻ. ഒരാളുടെ അടുക്കൽ താങ്കൾ സ്മരിക്കപ്പെടുകയും അവൻ താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലാതെ മരിച്ച് നരകത്തിൽ കടന്നാൽ അല്ലാഹു അവനെ അകറ്റട്ടെ താങ്കൾ ആമീൻ പറയുക: അപ്പോൾ ഞാൻ (റസൂൽ ﷺ) പറഞ്ഞു: ആമീൻ.)

- റമദാൻ വരുന്നതിന് മുമ്പ് തന്നെ പശ്ചാത്താപ മനസ്സുമായി അല്ലാഹുവിലേക്ക് അടുക്കുക. റമദാനിൽ ജീവിക്കാൻ അവസരം കിട്ടിയിട്ടും പാപങ്ങളിൽ നിന്ന് മുക്തമായില്ലെങ്കിൽ വരാനുള്ള അനന്തര ഫലങ്ങൾ ഓർക്കുകയും ചെയ്യുക.
- റമദാന് മുമ്പ് മുസ്‌ലിം ചെയ്യേണ്ട പ്രധാന കാര്യമാണ് തൗബ. വളരെ ആത്മാർത്ഥമായി അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങാനും വന്ന് പോയ തെറ്റുകൾ എല്ലാം അല്ലാഹുവിനോട് ഏറ്റ് പറയാനും അതിൽ നിന്ന് വിട്ട് നിൽക്കാനും അവൻ പ്രയത്നിക്കണം.
- തൗബക്ക് മുമ്പ് കടമിടപാടുകൾ ഉള്ളവർ അത് വീട്ടുകയോ അല്ലെങ്കിൽ അതിന്റെ ആളുകളോട് അനുവാദം ചോദിച്ച് അതിന്റെ കാര്യം ശരിയാക്കുകയോ വേണം.

# ക്ഷമിക്കുന്നവരുടെ ശ്രേഷ്ഠത

അല്ലാഹു പറയുന്നു:

قَالَ تَعَالَىٰ: ﴿ وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا صَبَرُوا ۖ وَكَانُوا بِآيَاتِنَا يُوقِنُونَ ﴿٢٤﴾ ﴾ السجدة: ٢٤

(അവർ ക്ഷമ കൈക്കൊള്ളുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുന്നവരാകുകയും ചെയ്തപ്പോൾ അവരിൽ നിന്ന് നമ്മുടെ കൽപന അനുസരിച്ച് മാർഗദർശനം നൽകുന്ന നേതാക്കളെ നാം ഉണ്ടാക്കുകയും ചെയ്തു.)

# ക്ഷമിക്കുന്നവർ പറയുന്നത്.. അവർക്ക് ലഭിക്കുന്നത്..

അല്ലാഹു പറയുന്നു:

قَالَ تَعَالَىٰ: ﴿ وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ ۗ وَبَشِّرِ الصَّابِرِينَ ﴿١٥٥﴾ الَّذِينَ إِذَا أَصَابَتْهُم مُّصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ ﴿١٥٦﴾ أُولَٰئِكَ عَلَيْهِمْ صَلَوَاتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُولَٰئِكَ هُمُ الْمُهْتَدُونَ ﴿١٥٧﴾ ﴾ البقرة: ١٥٥ - ١٥٧

(കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. ◯ തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ

മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. ◯ അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ.)

◉ വിപത്തുകൾ വരുമ്പോൾ ക്ഷമിക്കുകയും, إنا لله وإنا إليه راجعون എന്ന് പറയുകയും വേണം. മരണവാർത്ത കേൾക്കുമ്പോൾ മാത്രമല്ല അത് ചൊല്ലേണ്ടത്.

◉ സ്വഹാബാക്കളൊക്കെ സ്വന്തം കുട്ടി മരിച്ചാൽ പോലും ആദ്യം الحمد لله എന്ന് പറയും. പിന്നെ إنا لله وإنا إليه راجعون എന്നും അവർ ചൊല്ലും.

## അല്ലാഹുവിനെ ഭയപ്പെടുന്നവർ

അല്ലാഹുവിനെ ഭയപ്പെടേണ്ടത് പോലെ ഭയപ്പെടണം. അല്ലാഹുവിന്റെ നരകത്തെ ഭയന്നും, സ്വർഗം കിട്ടണമെന്ന ആഗ്രഹത്തോടെയും അവനെ ആരാധിക്കണം. അല്ലാഹു നമ്മെ എപ്പോഴും കണ്ട് കൊണ്ടിരിക്കുന്നു എന്ന ബോധം എല്ലായ്പ്പോഴും ഉണ്ടായിരിക്കണം. അതാണ് റസൂൽ ﷺ ജിബ്‌രീൽ عليه السلام നോട് ഇഹ്സാനിന്റെ വിശദീകരണമായി പറഞ്ഞത്:

عن أَبِي هُرَيْرَةَ قال كان النبيُّ صلى الله عليه وسلم بارزًا ...............قال: ما الإحسان قال: أن تعبدَ الله كأنك تراهُ، فإن لم تكن تراه فإنه يراك- (متفق عليه)

ജിബ്‌രീൽ عليه السلام ചോദിച്ചു: ഇഹ്സാൻ എന്നാൽ എന്താണ്? നബി ﷺ പറഞ്ഞു: അല്ലാഹുവിനെ നീ കാണുന്നത് പോലെ അവനെ ആരാധിക്കുക, അവനെ നീ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്. (എന്ന ബോധം നിനക്കുണ്ടാവുക) ◉ ഈ ബോധം മനുഷ്യനിലുണ്ടാവുമ്പോൾ അവന് അല്ലാഹുവിനെ സൂക്ഷിക്കാനും ഭയപ്പെടാനും അത് കാരണമാകും.

## ഭയഭക്തിയില്ലാത്തവർക്ക് നമസ്കാരം ഭാരമാണ്

അല്ലാഹുവിനെ വേണ്ട വിധം ഭയപ്പെടാത്ത ആളുകൾക്ക് നമസ്കാരം പോലെയുള്ള ആരാധനകൾ ഭാരമായിരിക്കും എന്ന് അല്ലാഹു പറയുന്നു:

قَالَ تَعَالَى:أَعُوذُ ﴿ وَٱسْتَعِينُواْ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلْخَٰشِعِينَ ﴿٤٥﴾ ﴾البقرة: ٤٥

(സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിന്റെ) സഹായം തേടുക. അത് (നമസ്കാരം) ഭക്തൻമാരല്ലാത്തവർക്ക് വലിയ (പ്രയാസമുള്ള) കാര്യം തന്നെയാകുന്നു.)

◉ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും സ്വന്തത്തെ തന്നെ പരിശോധിക്കണം. പലർക്കും കൃത്യമായി നമസ്കരിക്കാൻ മടിയാണ്. അല്ലാഹുവിനെ കുറിച്ചുള്ള ഭയം ഇല്ലാത്തതാണ് ഇതിന് കാരണം. ഭക്തിയുള്ളവർക്ക് നമസ്കാരം നഷ്ടമാവുമ്പോൾ ആണ് പ്രയാസം ഉണ്ടാവുക. ഇവരുടെ പ്രത്യേകതയെകുറിച്ച് അല്ലാഹു അറിയിക്കുന്നു:

قَالَ تَعَالَى: ﴿ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُواْ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ ﴿٤٦﴾ ﴾البقرة: ٤٦

(തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടേണ്ടിവരുമെന്നും, അവങ്കലേക്ക് തിരിച്ചുപോകേണ്ടി വരുമെന്നും വിചാരിച്ചുകൊണ്ടിരിക്കുന്നവരത്രെ അവർ.) (ഭക്തൻമാർ).

## ദാനം നൽകുന്നവർ

നിർബന്ധവും ഐച്ഛികവുമായ ദാനധർമങ്ങൾ നൽകുന്നവരെ കുറിച്ച് അല്ലാഹു അറിയിക്കുന്നുണ്ട്. അവർക്ക് മഹത്തായ പ്രതിഫലമുണ്ട്. അത് വളരെ ആത്മാർത്ഥമായി നൽകണം. റസൂൽ ﷺ പറയുന്നു:

عن أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم، قَالَ: سَبْعَةٌ يُظِلُّهُمُ اللهُ فِي ظِلِّهِ يَوْمَ لاَ ظِلَّ إِلاَّ ظِلُّهُ: ........ وَرَجُلٌ تَصَدَّقَ أَخْفَى حَتَّى لاَ تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ، وَرَجُلٌ ذَكَرَ اللهَ خَالِيًا فَفَاضَتْ عَيْنَاهُ (متفق عليه)

അബൂ ഹുറൈറ ﷺ പറഞ്ഞു. നബി ﷺ പറഞ്ഞിട്ടുണ്ട്: അല്ലാഹുവിന്റെ തണലല്ലാത്ത മറ്റു തണലുകളൊന്നും ഇല്ലാത്ത ദിവസത്തിൽ (അന്ത്യ ദിനത്തിൽ) അല്ലാഹു ഏഴ് വിഭാഗം ആളുകൾക്ക് തന്റെ തണലിൽ അഭയം നൽകും ( തണൽ നൽകും) .... (അവരിൽ) ഒരാൾ ദാനം ചെയ്തു, അവന്റെ വലത് കൈ ചിലവഴിച്ചത് തന്റെ ഇടത് കൈ അറിയാത്ത വിധം അത് ഗോപ്യമാക്കുകയും ചെയ്തു. (ഇങ്ങനെയുള്ള വിഭാഗത്തിനും), മറ്റൊരാൾ ഒറ്റക്കിരുന്ന് അല്ലാഹുവിനെ സ്മരിക്കുകയും തന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിപ്പിക്കുകയും ചെയ്തവനും (അല്ലാഹുവിന്റെ തണൽ ലഭിക്കും) ◉ അല്ലാഹുവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ച് ദാനം നൽകുന്നവന്റെ ശ്രേഷ്ഠതയാണ് ഇവിടെ റസൂൽ ﷺ നമ്മെ അറിയിക്കുന്നത്.

# ഹറാമുകൾ ഒഴിവാക്കുക

നോമ്പ് അനുഷ്ഠിക്കുന്നവൻ ചെയ്യുന്ന, അല്ലെങ്കിൽ ചെയ്യേണ്ട ചില കാര്യങ്ങളാണ് നമ്മൾ ഇത് വരെ ഉണർത്തിയത്. ഇവ നോമ്പ്കാരനിൽ സദാ ഉണ്ടായിരിക്കേണ്ടതുണ്ട്. നോമ്പ് അനുഷ്ഠിക്കുന്നവൻ ഹലാലായ തീറ്റയും, സംയോഗവുമെല്ലാം ഒഴിവാക്കണം. ഇങ്ങനെയുള്ള മനുഷ്യൻ നോമ്പ് അനുഷ്ഠിച്ച് കൊണ്ട് ഒരിക്കലും ഹറാമായ കാര്യങ്ങൾ ചെയ്യാൻ പാടില്ല.

# നോമ്പ് തിൻമകളെ തടുക്കും

നോമ്പ് തിൻമകളെ തടുക്കുന്ന പരിചയാണ്. മനുഷ്യന്റെ തെറ്റായ വികാര–വിചാരങ്ങളെ അത് തടഞ്ഞ് നിർത്തും അതാണ് റസൂൽ ﷺ പറയുന്നത്:

عَنْ عَلْقَمَةَ، قَالَ: كُنْتُ مَعَ عَبْدِ اللهِ فَلَقِيَهُ عُثْمَانُ بِمِنًى، فَقَالَ: يَا أَبَا عَبْدِ الرَّحْمنِ إِنَّ لِي إِلَيْكَ حَاجَةً، فَخَلَيَا فَقَالَ عُثْمَانُ: هَلْ لَكَ يَا أَبَا عَبْدِ الرَّحْمنِ فِي أَنْ نُزَوِّجَكَ بِكْرًا تُذَكِّرُكَ مَا كُنْتَ تَعْهَدُ فَلَمَّا رَأَى عَبْدُ اللهِ أَنْ لَيْسَ لَهُ حَاجَةٌ إِلَى هذَا، أَشَارَ إِلَيَّ، فَقَالَ: يَا عَلْقَمَةُ فَانْتَهَيْتُ إِلَيْهِ وَهُوَ يَقُولُ: أَمَا لَئِنْ قُلْتَ ذَلِكَ، لَقَدْ قَالَ لَنَا النَّبِيُّ صلى الله عليه وسلم: يَا مَعْشَرَ الشَّبَابِ مَنِ اسْتَطَاعَ مِنْكُمُ الْبَاءَةَ فَلْيَتَزَوَّجْ، وَمَنْ لَمْ يَسْتَطِعْ فَعَلَيْهِ بِالْصَّوْمِ فَإِنَّهُ لَهُ وِجَاءٌ (متفق عليه) واللفظ للبخاري.

അൽഖമ ഉദ്ധരിക്കുന്ന ഹദീസിൽ അബ്ദുല്ലാഹി ബ്ൻ മസ്ഊദ് ﷺ പറഞ്ഞു: റസൂൽ ﷺ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്: അല്ലെയോ യുവ സമൂഹമേ.. നിങ്ങളിൽ باءة (വിവാഹം കഴിക്കാൻ ഉള്ള കഴിവ്) ഉള്ളവൻ കല്ല്യാണം കഴിച്ച് കൊള്ളട്ടെ. അതിന് കഴിയാത്തവർ നോമ്പ് അനുഷ്ഠിക്കട്ടെ. അത് അവന് വികാരത്തിൽ നിന്നുള്ള സംരക്ഷണമാണ്. (അവന്റെ വൈകാരിക ചിന്തകളെ അത് നശിപ്പിക്കുന്നതാണ്.) ◉ നോമ്പ് അനുഷ്ഠിക്കുന്നവന് തിന്മകളിൽ നിന്നുള്ള സംരക്ഷണം ഉണ്ടാകുമെന്നാണ് റസൂൽ ﷺ അറിയിക്കുന്നത്.

# നോമ്പ് നിർബന്ധമാക്കപ്പെട്ടതെന്തിന്...?

സൂക്ഷ്മതയുള്ള ജീവിതം നയിക്കാൻ വേണ്ടിയാണ് നോമ്പ് നിർബന്ധമാക്കപ്പെട്ടത് എന്ന് വിശുദ്ധ ഖുർആൻ അറിയിക്കുന്നു:

قَالَ تَعَالَى: ﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ﴾

البقرة: ١٨٣

(സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.)

◉ അത് കൊണ്ട് തന്നെ നമ്മുടെ നോമ്പ് കൊണ്ട് തഖ്‌വ എന്ന ഗുണം ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കണം. അതിനായി നമ്മൾ ഒരുങ്ങുക.

## വിശ്വാസികളും കപടവിശ്വാസികളും

വിശ്വാസികൾ അല്ലാഹുവിനെ ധാരാളമായി ഓർക്കുന്നവരാണ്. കപട വിശ്വാസികൾക്ക് അല്ലാഹുവിനെ ഓർക്കാനും അല്ലാഹുവിനെ ആരാധിക്കാനും മടിയായിരിക്കും. അവരെ കുറിച്ച് അല്ലാഹു പറയുന്നു:

قَالَ تَعَالَى: ﴿ إِنَّ ٱلْمُنَٰفِقِينَ يُخَٰدِعُونَ ٱللَّهَ وَهُوَ خَٰدِعُهُمْ وَإِذَا قَامُوٓاْ إِلَى ٱلصَّلَوٰةِ قَامُواْ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ إِلَّا قَلِيلًا ﴿١٤٢﴾ ﴾ النساء: ١٤٢

(തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും, ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച് മാത്രമേ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ.) ◉ ഇത്തരക്കാരിൽ പെടാതിരിക്കാൻ നാം പരിശ്രമിക്കുക.

## അല്ലാഹുവിനെ കൂടുതൽ ഓർക്കാൻ

◉ നമസ്കാരം കൃത്യമയി നിലനിർത്തുന്നതിലൂടെ അല്ലാഹുവിനെ സ്മരിക്കാൻ സാധിക്കും. അല്ലാഹു പറയുന്നു:

قَالَ تَعَالَى: ﴿ إِنَّنِىٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدْنِى وَأَقِمِ ٱلصَّلَوٰةَ لِذِكْرِىٓ ﴿١٤﴾ ﴾ طه: ١٤

(തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക)

◉ അത് പോലെ ദൈനംദിനം ചൊല്ലാൻ വേണ്ടി റസൂൽ ﷺ പഠിപ്പിച്ച ദിക്റുകളും, ദുആകളും നാം ചൊല്ലാൻ ശ്രമിച്ചാൽ അല്ലാഹുവിനെ ആ നിലക്ക് സ്മരിക്കാൻ നമുക്ക് സാധിക്കും. നമസ്കാര ശേഷമുള്ള ദിക്റുകൾ പോലും ചൊല്ലാൻ സമയം കാണാത്ത ആളുകളെ നമ്മൾ കാണാറുണ്ട്. നാം അത്തരക്കാരിൽ പെടാതിരിക്കുക.

◉ അല്ലാഹുവിന്റെ കലാം ആയ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലൂടെയും നമുക്ക് അല്ലാഹുവിനെ സ്മരിക്കാൻ സാധിക്കും. പരിശുദ്ധ റമദാനിൽ ഇവക്കൊക്കെ ധാരാളമായി സമയം കാണുകയും, അവസരങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക. വിലപ്പെട്ട സമയങ്ങൾ ഭൗതിക കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ച് പാഴാക്കാതിരിക്കുക..

## നോമ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

◉ **നിയ്യത്ത്:** നിയ്യത്ത് എല്ലാ രാത്രിയിലും വെക്കണം. ഇത് നിർബന്ധമാണ്. റസൂൽ ﷺ പറയുന്നു:

عَنْ حَفْصَةَ عَنْ رَسُولِ اللَّهِ -صلى الله عليه وسلم- قَالَ :« مَنْ لَمْ يُبَيِّتِ الصِّيَامَ قَبْلَ الْفَجْرِ فَلاَ صِيَامَ لَهُ ».

(رواه النسائي في سننه ، البيهقي في السنن الكبرى ، والدارمي ، والدارقطني ) صححه الألباني.

(ഹഫ്സ്വ رضي الله عنها നിവേദനം, റസൂൽ ﷺ പറഞ്ഞു: ഫജ്റിന് മുമ്പായി ആരെങ്കിലും നോമ്പിന്റെ നിയ്യത്ത് വെച്ചില്ലെങ്കിൽ അവന് നോമ്പ് ഇല്ല.)

◉ ഇത് ഉറക്കെ പറയാൻ പറ്റില്ല. ഹൃദയത്തിൽ കരുതലാണ് വേണ്ടത്. നാളത്തെ നോമ്പ് ഞാൻ നോൽക്കും എന്ന് മനസ്സിൽ കരുതലണ് നിയ്യത്ത്. ഇത് ഒരാൾ ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ ഏറ്റ് ചൊല്ലുന്നതിനും തെളിവില്ല. റസൂൽ ﷺ യുടെ സുന്നത്ത് അത് പോലെ ജീവിതത്തിൽ പകർത്താനാണ് നാം കൽപിക്കപ്പെട്ടത്. അത് പോലെ തന്നെ എല്ലാ കാര്യങ്ങളും നാം ചെയ്യുക.

◉ <u>**അത്താഴം കഴിക്കൽ:**</u> നോമ്പുകാരന് അത്താഴം കഴിക്കൽ സുന്നത്താണ്. റസൂൽ ﷺ പറയുന്നു:

عن أنس رضي الله عنه ، قَالَ : قَالَ رسولُ الله صلى الله عليه وسلم : (تَسَحَّرُوا ؛ فَإنَّ فِي السُّحُورِ بَرَكَةً ) متفقٌ عَلَيْهِ

(അനസ് رضي الله عنه നിവേദനം. റസൂൽ ﷺ പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കുക, നിശ്ചയം അത്താഴത്തിൽ ബർകത്ത് ഉണ്ട്.)

◉ വെള്ളമോ, ഈത്തപ്പഴമോ കൊണ്ടെങ്കിലും അത് കഴിക്കണം. അത്താഴം പിന്തിപ്പിക്കൽ സുന്നത്താണ്. അൻപത് ആയത്ത് ഓതാനുള്ള സമയത്തിന് മുമ്പായി അത്താഴം കഴിച്ച് തീരുന്നത് ഉത്തമമാണ്. റസൂൽ ﷺ പറയുന്നത് കാണുക:

عَنْ أَنَسِ بْنِ مَالِكٍ أَنَّ نَبِيَّ اللهِ صلى الله عليه وسلم وَزَيْدَ بْنَ ثَابِتٍ تَسَحَّرَا فَلَمَّا فَرَغَا مِنْ سَحُورِهِمَا قَامَ نَبِيُّ اللهِ صلى الله عليه وسلم إِلَى الصَّلَاةِ فَصَلَّى قُلْنَا لِأَنَسٍ كَمْ كَانَ بَيْنَ فَرَاغِهِمَا مِنْ سَحُورِهِمَا وَدُخُولِهِمَا فِي الصَّلَاةِ قَالَ قَدْرُ مَا يَقْرَأُ الرَّجُلُ خَمْسِينَ آيَةً (متفق عليه)

(അനസ് رضي الله عنه നിവേദനം. നബി ﷺ യും സൈദ് ബ്ൻ ഥാബിതും رضي الله عنه (زيد بن ثابت) അത്താഴം കഴിച്ചു. അവർ രണ്ട് പേരുടേയും അത്താഴത്തിൽ നിന്ന് അവർ വിരമിച്ചപ്പോൾ നബി ﷺ നമസ്കാരത്തിന് നിന്നു, എന്നിട്ട് നമസ്കരിച്ചു. ഞങ്ങൾ അനസ് رضي الله عنه നോട് ചോദിച്ചു: അവർ രണ്ട് പേരുടേയും അത്താഴത്തിൽ നിന്ന് വിരമിക്കലിന്റേയും നമസ്കാരത്തിൽ പ്രവേശിക്കലിന്റേയും ഇടയിൽ എത്ര (സമയം) ഉണ്ടായിരുന്നു? അനസ് رضي الله عنه പറഞ്ഞു: ഒരാൾ അൻപത് ആയത്ത് ഓതുന്ന സമയം.)

◉ ബാങ്ക് വിളിച്ചതിന് ശേഷവും അത്താഴം കഴിക്കുന്ന സമ്പ്രദായം ഒഴിവാക്കണം.

◉ ഈത്തപ്പഴം കൊണ്ട് നോമ്പ് തുറക്കുന്നതാണ് ഉത്തമം. നോമ്പ് തുറക്കാൻ ധൃതി കൂട്ടുന്നതും ഉത്തമം ആണ്. നോമ്പ് തുറക്കുന്ന അവസരത്തിലുള്ള പ്രാർത്ഥന ഉത്തരം ലഭിക്കപ്പെടുന്ന പ്രാർത്ഥനകളിൽ പെട്ടതാണ്.

**അല്ലാഹു നമ്മെ എല്ലാവരേയും അവന്റെ സ്വർഗ്ഗത്തിലെ ഉന്നതങ്ങളിൽ ചേർക്കുമാറാവട്ടെ, ആമീൻ**

**و صلى الله على نبينا محمد وعلى آله وصحبه أجمعين**